നിർദ്ദേശം വെച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഉല്പാദനം പകുതിമാത്രമേ നടത്തുന്നുള്ളു എന്നാണ് കമ്പനിയിൽനിന്നും കൊടുത്തിട്ടുള്ള മറുപടി. എങ്കിലും 75 ശതമാനത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവർ അറിയിച്ചിരിക്കുകയാണ്. പക്ഷേ ഇതൊക്കെ അറിയിച്ചിട്ടുണ്ടെങ്കിലും ചുറ്റുമുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ബോർഡിനെതിരെ കോടതിയിൽ കേസ് ഫയൽചെയ്യുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ഇത് നിരോധിക്കാനോ പൂട്ടിയിടാനോ ഉള്ള അധികാരം ഈ ബോർഡിനില്ല. ഫാക്ടറീസ് ആക്ടോ മറ്റു നിയമങ്ങളോ അനുസരിച്ച് എന്തു ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിക്കാം. എങ്കിലും മാനേജുമെന്റിനെതിരായിട്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ബോർഡ് ശ്രമിക്കുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഗുജറാത്തിൽ ചെമ്മീൻ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്ന മലയാളി പെൺകുട്ടികൾ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് ഈ സഭയിൽ ഞാൻ അവതരിപ്പിച്ച അതേ പ്രശ്നംതന്നെയാണ് ഞാൻ ഇന്നും ഉന്നയിക്കുന്നത്. ഈ പ്രശ്നം ഉന്നയിച്ച ദിവസം ദൗർഭാഗ്യകരമായ ഒരു സംഭവം നടന്നു. അന്ന് നമ്മുടെ പ്രധാനമന്ത്രിക്ക് വെടിയേറ്റ ദിവസമായിരുന്നു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി എന്നീ പ്രദേശങ്ങളിൽനിന്ന് ഗുജറാത്തിലെ ചെമ്മീൻവ്യവസായികൾ ചെമ്മീൻ ശരിയാക്കുന്നതിനുവേണ്ടി, പീലിങ്ങിനുവേണ്ടി, പെൺകുട്ടികളെ കൊണ്ടുപോകുന്ന സമ്പ്രദായമുണ്ട്. ഇപ്പോഴും അത് നിർബാധം തുടരുകയാണ്. നൂറുകണക്കിന് പെൺകുട്ടികളെ അവിടെ കൊണ്ടുപോയി അടിമകളെപ്പോലെ പണിയെടുപ്പിച്ച് അവർ നരകതുല്യമായ ജീവിതമാണ് നയിക്കുന്നത്. ഇപ്പോൾ പദ്മഭൂഷൺ കിട്ടിയ, മഗ്സാസെ അവാർഡു കിട്ടിയ ഏലാ ആർ. ഭട്ട് എന്നു പറയുന്ന സാമൂഹ്യ പ്രവർത്തകയാണ് ''ടൈംസ് ഓഫ് ഇൻഡ്യ'' യിൽ ഒരു ലേഖനത്തിലൂടെ ഈ പ്രശ്നം ആദ്യമായി ബഹുജനങ്ങളുടെ ഇടയിൽ കൊണ്ടുവന്നത്. ഇങ്ങനെ പെൺകുട്ടികളെ ഇതുപോലെ കൊണ്ടുപോകുന്ന റിക്രൂട്ടിങ് ഏജൻറുമാർ പല ഭാഗത്തുമുണ്ട്. മാവേലിക്കരയിലും പരിസരത്തുംനിന്ന് കൊണ്ടുപോകുന്ന കാര്യം മാത്രമേ എനിക്കറിയുകയുള്ളൂ. തുച്ഛമായ വേതനംവാങ്ങി ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന പെൺകുട്ടികൾ അവിടെ ചെന്നിട്ട് ഈ ചെമ്മീൻ വ്യവസായികളുടെ മറ്റു ചില അസാൻമാർഗ്ഗിക നടപടികൾക്ക് നിർബന്ധിക്കപ്പെടുകയും അവസാനം ബോംബെയിലെ ചുവന്നതെരുവിലേക്ക് അവരുടെ ജീവിതം ഹോമിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അന്നത്തെ സാഹചര്യത്തിൽ അന്വേഷിച്ചില്ലെങ്കിൽ അതിനെ ഞാൻ കുറ്റം പറയുകയില്ല. നിശ്ചയമായും ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഈ നിയമസഭയിലെ രണ്ടുമൂന്നു എം.എൽ.എ. മാർ അടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കണം. ഇത് നമ്മുടെ പെൺകുട്ടികളുടെ മാനത്തിന്റെയും ജീവിതത്തിന്റെയും പ്രശ്നമാണ്. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ മത്സ്യസംസ്കരണത്തിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ എന്ന നിലയ്ക്കാണ് കേരളത്തിൽനിന്നും തൊഴിലാളികളെ ഗുജറാത്തിൽ കൊണ്ടുപോയിട്ടുള്ളത്. പല മേഖലകളിലും എന്നതുപോലെ ഈ മേഖലയിലും ആളുകളെ കബളിപ്പിക്കപ്പെടുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സ്റ്റഡീസ് തയ്യാറാക്കിയ ഒരു പഠന റിപ്പോർട്ടിൽ അഹമ്മദാബാദിൽവെച്ചുകൂടിയ സമ്മേളനത്തിന്റെ തീരുമാനങ്ങളും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ഗുജറാത്തിലെ മത്സ്യസംസ്കരണ കേന്ദ്രത്തിലെ തൊഴിലാളികളെ അവരുടെ പ്രവർത്തന സ്ഥലത്തുചെന്ന് കണ്ടു മനസ്സിലാക്കാൻവേണ്ടി ഉദ്യോഗസ്ഥൻമാരുടെയും സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ അങ്ങോട്ട് അയക്കുകയുണ്ടായി. ഭാഷാപരമായ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുവേണ്ടിയിട്ട് ഒരു പേഴ്സണൽ ഓഫീസറെ നിയമിക്കണമെന്നുള്ള നിർദ്ദേശവും അവർ ഉന്നയിച്ചിട്ടുണ്ട്. ഇന്ന് ഒരു പ്രായോഗിക ബുദ്ധിമുട്ടുള്ളത് ഇൻറർ സ്റ്റേറ്റ് മൈഗ്രൻറ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ്) - ആക്ടിലെ വ്യവസ്ഥയനുസരിച്ച് ബാക്കിയുള്ള നടപടികളെല്ലാം സ്വീകരിക്കുന്നത് ഗുജറാത്ത് ഗവൺമെൻറായിരിക്കണം. അതുകൊണ്ട് ഗുജറാത്തിന്റെയുംകൂടി സഹായംതേടി ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പലപ്പോഴും ജോലി എന്നുള്ളപേരിൽ ആകർഷിക്കപ്പെടുന്ന പലർക്കും ബുദ്ധിമുട്ട് സംഭവിക്കുന്നതായി പരാതിയുണ്ട്. അതുകൊണ്ട് ഇതിനെക്കുറിച്ച് കാര്യമായി ഗവൺമെൻറ് അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(4) വെഞ്ഞാറമൂട് ടാക്സി സ്റ്റാൻറ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വെഞ്ഞാറമൂട്ടിലെ ടാക്സിഡ്രൈവർമാർ (ഐ. എൻ. ടി. യു. സി. യും സി. ഐ. ടി. യു. വും ഉൾപ്പെടെ) കഴിഞ്ഞ പത്തുപതിനെട്ടു ദിവസമായി സമരത്തിലാണ്. 30 വർഷമായി അവർ ഉപയോഗിച്ചുകൊണ്ടിരുന്ന ടാക്സി സ്റ്റാൻറ് പഞ്ചായത്ത് അധികൃതരുമായോ കളക്ടറുമായോ അല്ലെങ്കിൽ മറ്റാരെങ്കിലുമായോ ആലോചിക്കാതെ ഒരു ദിവസം രാവിലെ ആറിങ്ങൽ ഡി. വൈ. എസ്. പി. വന്ന് ടാക്സികളെ അവിടെ ഇടാൻ പാടില്ല, ഇന്ന സ്ഥലത്ത് ഇടണമെന്നുപറഞ്ഞു. ഇടാൻ പറഞ്ഞ സ്ഥലം എൻ. എച്ച്. റോഡിന്റെ സൗകര്യമില്ലാത്ത, ഹൈസ്കൂളിന്റെ ചുമരിനോട് ചേർന്നുള്ളതാണ്. ടാക്സിഡ്രൈവർമാർ അതനുസരിച്ചു. എന്നിട്ട് എന്നോടുവന്നുപറഞ്ഞു. ഞാൻ ഡി. വൈ. എസ്. പി. യെ കോൺടാക്ട് ചെയ്തു. ഡി. വൈ. എസ്. പി. വന്ന് ചർച്ച നടത്തി. ആദ്യത്തെ ചർച്ചയിൽത്തന്നെ ഡി. വൈ. എസ്. പി. ഈ സ്ഥലത്ത് ടാക്സി ഇടുന്നത് ശരിയല്ലെന്നു സമ്മതിച്ചു. അവിടെനിന്നും മാറണമെന്നു പറഞ്ഞു. എവിടേക്ക് മാറണമെന്നുള്ളത് കണ്ടുപിടിക്കാൻ 48 മണിക്കൂർ സമയം ചോദിച്ചു. 48 മണിക്കൂർ സമയം അവസാനിക്കുന്നത് ഏഴാം തീയതിയാണ്. ഏഴാം തീയതി ആറുമണിക്ക് വരാമെന്നു പറഞ്ഞ ഡി. വൈ. എസ്. പി. ഏഴാം തീയതിയും എട്ടാം തീയതിയും വന്നില്ല. ഞാൻ കാത്തിരുന്നിട്ട് തിരിച്ചുപോയി. അതുകഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly